LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് ദന്തൽ കോളേജുകളിൽ നടത്തിയ ഇൻസ്പെക്ഷൻ

56 [156] *ശ്രീ. കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ കേരളത്തിലെ ഏതെല്ലാം ഗവൺമെന്റ് ദന്തൽ കോളേജുകളിൽ ദന്തൽ കൗൺസിൽ ഓഫ് ഇന്ത്യ ഇൻസ്പെക്ഷൻ നടത്തിയെന്നും എത്രപ്രാവശ്യം വീതമാണെന്നും ഓരോ പ്രാവശ്യവും എന്തെല്ലാം കുറവുകൾ നികത്താൻ നിർദ്ദേശം നൽകിയെന്നും വ്യക്തമാക്കുമോ; പ്രസ്തുത നിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) 2004-ൽ കോട്ടയം ദന്തൽ കോളേജ് ഇൻസ്പെക്ഷനിൽ പി. ജി.ക്കുശേഷം മൂന്നു വർഷത്തെ അദ്ധ്യാപന പരിചയമില്ലാത്ത ആളെ അസിസ്റ്റന്റ് പ്രൊഫസ്സറായി പ്രമോഷൻ നൽകിയത് തിരുത്തണമെന്ന ആവശ്യത്തിൻമേൽ എന്തു നടപടി സ്വീകരിച്ചു; ഇപ്പോൾ ടിയാൾ ഏതു കോളേജിൽ ഏതു തസ്തികയിൽ ജോലി ചെയ്യുന്നു;

(സി) 2004-ൽ കോട്ടയത്ത് അയോഗ്യനായി കണ്ട അദ്ധ്യാപകനെ 2005-ൽ തിരുവനന്തപുരം ദന്തൽ കോളേജ് ഇൻസ്പെക്ഷനിലും അസിസ്റ്റന്റ് പ്രൊഫസ്സർ തസ്തികയിൽ കണ്ടത് അയോഗ്യതയാണെന്നും, അംഗീകരിക്കാൻ കഴിയില്ലെന്നുമുള്ള ദന്തൽ കൗൺസിൽ നിർദ്ദേശം കിട്ടിയതിനുശേഷവും അസിസ്റ്റന്റ് പ്രൊഫസ്സർ തസ്തികയിൽ തുടരാൻ അനുവദിക്കുന്നതുകൊണ്ട് ദന്തൽ കോളേജിന്റെ അംഗീകാരം നഷ്ടപ്പെടാൻ കാരണമായതിനാൽ അത് ഒഴിവാക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) ദന്തൽ എഡ്യൂക്കേഷൻ സർവ്വീസ് സ്പെഷ്യൽ റൂളും കെ. എസ്. ആന്റ് എസ്. എസ്. ആർ 10 (എ. ബി.) യും ദന്തൽ കൗൺസിൽ ഓഫ് ഇന്ത്യ റെഗുലേഷൻ സമാനമാണെന്നിരിക്കെ അത് പാലിച്ച് പ്രമോഷൻ നടത്തി ദന്തൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിർദ്ദേശാനുസരണം നടപടി സ്വീകരിച്ച് ഗവൺമെന്റ് ദന്തൽ കോളേജുകളുടെ അംഗീകാരം നിലനിർത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) അയോഗ്യരാണെന്ന് ദന്തൽ കൗൺസിൽ ഓഫ് ഇന്ത്യ കണ്ടെത്തി, കേരള സർക്കാരിന് അയച്ചുതന്ന ലിസ്റ്റിൽ ഉൾപ്പെട്ടത് ആരൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; പകർപ്പ് ലഭ്യമാക്കുമോ;

(എഫ്) അയോഗ്യരായവരെ പ്രമോഷൻ നടത്തിയത്, നിലവിലുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും ലംഘനമാണെന്നും ആയതു തിരുത്താൻ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് അപേക്ഷകൾ/പരാതികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തിരുവനന്തപുരം ദന്തൽ കോളേജിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ 2005 ഏപ്രിൽ 26, 27 തീയതികളിലായി ഒരു പ്രാവശ്യം ദന്തൽ കൗൺസിൽ ഓഫ് ഇന്ത്യ ഇൻസ്പെക്ഷൻ നടത്തിയിരുന്നു. ദന്തൽ കൗൺസിൽ ഓഫ് ഇന്ത്യയിൽ നിന്നും ലഭിച്ച 15-6-2005-ലെ ഡി. ഇ3 (5)-05/506 നമ്പർ കത്തിന്റെ ശരിപകർപ്പ് അനുബന്ധം ഒന്നായി ചേർക്കുന്നു. †

കോഴിക്കോട് ദന്തൽ കോളേജിൽ കഴിഞ്ഞ 3 വർഷത്തിനുള്ളിൽ 4 തവണ ദന്തൽ കൗൺസിൽ ഓഫ് ഇന്ത്യ ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ട്. ഇതിൽ 3 തവണ വിവിധ ഡിപ്പാർട്ട്മെന്റുകളിൽ പി. ജി. കോഴ്സ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട ഇൻസ്പെക്ഷനും, മറ്റൊന്ന് ഈ സ്ഥാപനത്തിന്റെ ജനറൽ ഓവർആൾ ഇംപ്രഷൻ പരിശോധിക്കുന്നതിനും വേണ്ടിയായിരുന്നു. ഇപ്പോൾ നിലവിലുള്ള എല്ലാ ഡിപ്പാർട്ട്മെന്റുകളിലും പി. ജി. കോഴ്സുകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്. ജനറൽ ഓവർആൾ ഇംപ്രഷൻ പരിശോധിക്കുന്നതിനുവേണ്ടി നടന്ന ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ 9-ഓളം ന്യൂനതകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. പ്രസ്തുത ന്യൂനതകൾ പരിഹരിക്കുന്നതിനുവേണ്ടി നടപടി എടുത്തുകഴിഞ്ഞു. ചിലത് പരിഹരിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളുടെ പകർപ്പ് അനുബന്ധം രണ്ടായി ചേർക്കുന്നു.†

കഴിഞ്ഞ 3 വർഷത്തിനുള്ളിൽ കോട്ടയം ദന്തൽ കോളേജിൽ 4 തവണ ദന്തൽ കൗൺസിൽ ഓഫ് ഇന്ത്യ ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ട്. ഓരോ വർഷവും താഴെ പറയുന്ന കുറവുകൾ നികത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. 2003-ൽ കുറവുകളൊന്നും പരാമർശിച്ചിട്ടില്ല. 2004-ൽ 2 തവണ ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ട്.

ഏപ്രിൽ 2004

1. 5 റീഡർമാരുടെ കുറവുകൾ.
2. ഡോക്ടർമാരെ ഒരു മാസത്തേക്ക് വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചത്.
3. കോളേജ് കെട്ടിടം പണിതീരാത്തത് (പ്രസ്തുത റിപ്പോർട്ട് അനുബന്ധം 3-ാം നമ്പരായി ചേർക്കുന്നു.) †

ആഗസ്റ്റ് 2004

1. ഓർത്തോ ഡോൺടിക്സിൽ റീഡറുടെ കുറവ്.
2. പെരിയോഡോൺടിക്സിൽ റീഡറുടെ കുറവ്. പി. ജി.-കുശേഷം 3 വർഷക്കാല അദ്ധ്യാപന പരിചയമില്ലാത്ത ആളെ അസിസ്റ്റന്റ് പ്രൊഫസ്സറായി നിയമിച്ചത് ശരിയല്ല.
3. കമ്മ്യൂണിറ്റി ഡെന്റിസ്ട്രിയിൽ റീഡറുടെ കുറവ്.
4. ദന്തൽ കോളേജിനായി മാറ്റിവച്ച 5 ഏക്കർ സ്ഥലത്തല്ല ദന്തൽ കോളേജ് കെട്ടിടം പണിതിരിക്കുന്നത്. (പ്രസ്തുത നിർദ്ദേശം അനുബന്ധം 4-ാം നമ്പരായി ചേർക്കുന്നു.)

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2005-ൽ പി.ജി.ക്കുശേഷം 3 വർഷത്തെ അദ്ധ്യാപന പരിചയം ഇല്ലാത്ത ആളെ ഓറൽ മെഡിസിൻ ഡിപ്പാർട്ട്മെന്റിൽ അസിസ്റ്റന്റ് പ്രൊഫസ്സറായി നിയമിച്ചത് ശരിയല്ല. (പ്രസ്തുത നിർദ്ദേശം അനുബന്ധം 5-ാം നമ്പരായി ചേർക്കുന്നു.) †

(ബി) ടിയാളെ തിരുവനന്തപുരം ദന്തൽ കോളേജിലേക്ക് സ്ഥലംമാറ്റി നിയമിച്ചു. ടിയാൾ ഇപ്പോൾ പെരിയോഡോൺടിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസ്സറാണ്. പകരം ഡി.സി.ഐ. നിബന്ധനപ്രകാരം പി.ജി.ക്കുശേഷം 3 വർഷത്തെ അദ്ധ്യാപന പരിചയമുള്ള അസിസ്റ്റന്റ് പ്രൊഫസ്സറെ സ്ഥലംമാറ്റി നിയമിച്ചു.

(സി) തിരുവനന്തപുരം ദന്തൽ കോളേജിന്റെ അംഗീകാരം നഷ്ടപ്പെട്ടിട്ടില്ല. 2005-ൽ തിരുവനന്തപുരം ദന്തൽ കോളേജ് ഇൻസ്പെക്ഷനിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ അയോഗ്യനായിക്കണ്ടു എന്നാരോപിക്കപ്പെടുന്ന അദ്ധ്യാപകനെക്കൂടാതെ ദന്തൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ ചട്ടങ്ങൾ അനുസരിച്ച് യോഗ്യതയുള്ള പ്രൊഫസ്സറും 3 ഡോക്ടർമാരും സേവനം അനുഷ്ഠിക്കുന്നുണ്ട്. ആയതിനാൽ ഇപ്പോൾ അപാകത നിലവിലില്ല.

(ഡി) ദന്തൽ എഡ്യൂക്കേഷൻ സർവ്വീസസ് സ്പെഷ്യൽ റൂൾസ് ദന്തൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ ചട്ടങ്ങൾക്കനുസരണമായി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഇ) പെരിയോഡോൺടിക്സ് വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസ്സറായ ഡോ. ഷിബു ഗോഡ്ഫ്രെ പെരേര, ഓറൽ മെഡിസിൻ ആന്റ് റേഡിയോളജി വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസ്സറായ ഡോ. ഷീബാ പടിയത്ത് എന്നിവരെയാണ് അയോഗ്യരായി ദന്തൽ കൗൺസിൽ ഓഫ് ഇന്ത്യ കണ്ടെത്തി, കേരള സർക്കാരിന് അയച്ചുതന്ന ലിസ്റ്റിൽ ഉൾപ്പെട്ടവർ. (പ്രസ്തുത പകർപ്പ് അനുബന്ധം ആറാം നമ്പരായി ചേർക്കുന്നു.) †

(എഫ്) ഉണ്ട്. ദന്തൽ കോളേജുകളിൽ ഇപ്പോൾ നിയമനം നടത്തുന്നത് ദന്തൽ എഡ്യൂക്കേഷൻ സർവ്വീസ് സ്പെഷ്യൽ റൂൾ പ്രകാരമാണ്. ആയത് ദന്തൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ ചട്ടങ്ങൾക്ക് അനുസൃതമല്ലെന്ന് കണ്ടതിനാൽ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

നിർമ്മാണ പ്രവർത്തനങ്ങൾക്ക് മണലിന് പകരം മറ്റെന്തെങ്കിലും പദാർത്ഥം കണ്ടെത്തുന്നതിനുള്ള പഠനം

57 [157] *ശ്രീ. റോഷി അഗസ്റ്റിൻ:*
,, *കെ. നാരായണക്കുറുപ്പ്:*
,, *തോമസ് ചാഴികാടൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മണൽവാരൽ കർശനമായി നിയന്ത്രിച്ചിരിക്കുന്ന സാഹചര്യത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മണലിന് പകരമായി

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly